ഖുത്വ്ബ നമ്പർ
29
20-07-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം



# സ്തുതിക്കർഹൻ അല്ലാഹു മാത്രം

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും വരദാനങ്ങളും കാണുമ്പോഴും അധികമാളുകളുടെയും നാവിൽ നിന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് اَلْحَمْدُلِلّٰہِ എന്ന വാക്ക് പുറത്ത് വരുന്നു. അവർക്ക് اَلْحَمْدُ എന്ന വാക്കിന്റെ ഗഹനമായ അർത്ഥം അറിഞ്ഞാലും ഇല്ലങ്കിലും ശരി ഇതവർ പറയുന്നു. മതപരമായ അന്തരീക്ഷത്തിലുള്ള ജീവിതം നിമിത്തം ഒരു ആചാരമെന്ന നിലക്കാണെങ്കിലും **അൽഹംദുലില്ലാഹ്** പറയണം എന്ന ഒരു ചിന്തയുണ്ട്. വളരെ അറിവു കുറഞ്ഞവർക്ക് പോലും അല്ലാഹുവിന്റെ പ്രകീർത്തനത്തിലേക്ക് വിരൽ ചൂണ്ടുന്ന ഈ വാക്കുകൾ പറയണം എന്ന ചിന്ത തീർച്ചയായും ഉണ്ട്.

ഒരു അഹ്മദിയുടെ വായിൽ നിന്ന് സന്തോഷമുണ്ടാകുന്ന എല്ലാ അവസരങ്ങളിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കപ്പെടുമ്പോൾ, അല്ലാഹുവിന്റെ പക്കൽ നിന്ന് എന്തെങ്കിലും പാരിദോഷികം ലഭിക്കുമ്പോൾ അതല്ലെങ്കിൽ അല്ലാഹു എനിക്ക് കനിഞ്ഞരുളണമെന്ന ഒരു ചിന്തയുണ്ടാകുമ്പോൾ **അൽഹംദുലില്ലാഹ്** എന്ന് തീർച്ചയായും പുറത്ത് വരുന്നു. അത് ആരുടെയെങ്കിലും വ്യക്തിപരമായ സന്തോഷമായാലും ശരി അതല്ലെങ്കിലും ജമാഅത്തിന് മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹ വർഷമായാലും ശരി ഈ **അൽഹംദുലില്ലാഹ്** എന്നുള്ള വാക്ക് അത്തരം അവസരങ്ങളിൽ ഒരു അഹ്മദിയുടെ വാക്കിൽ നിന്ന് വരുത്തേണ്ടതുമാണ്. എന്നാൽ ഈ വാക്കുകളുടെ പൊരുളറിഞ്ഞുകൊണ്ട് അതിന്റെ ആത്മാവ് ഉൾക്കൊണ്ട് ആ വാക്കുകൾ പറയുമ്പോൾ അതുച്ചരിക്കുന്ന വ്യക്തിക്ക് അത് കൂടുതൽ അനുഗ്രഹത്തിന് കാരണമായിത്തീരുന്നതാണ്. നാം അഹ്മദികൾ, ഈ കാലഘട്ടത്തിലെ ഇമാമിനെയും മസീഹ് മൗഊദിനെയും വിശ്വസിച്ച ഭാഗ്യവാൻമാരാണ്. ഈ വിശ്വാസം നിമിത്തം **അൽഹംദുലില്ലാഹ്** എന്ന വാക്കോ മറ്റേതെങ്കിലും ഖുർആനിക വാക്കുകളുടെയോ അർത്ഥവും പൊരുളും മനസ്സിലാക്കുന്നതിന് ഇതിലേക്ക് നമുക്ക് ശ്രദ്ധയുണ്ടെങ്കിൽ യാതൊരു ക്ലേശവും തന്നെയുണ്ടാകില്ല. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽ നിന്ന് അറിവ് കരസ്ഥമാക്കി ഇതിന്റെ ആത്മാവിനെ നമുക്ക് പരിചയപ്പെടുത്തി തന്നിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) **അൽഹംദുലില്ലാഹ്** എന്നതിൽ വിവിധ രീതിയിൽ വിശദീകരണം നൽകിയിട്ടുണ്ട്. ഇപ്പോൾ ഞാൻ അദ്ദേഹത്തിന്റെ വാക്കുകളിൽ ഹംദ് എന്ന വാക്കിന്റെ ഒരു സംക്ഷിപ്ത വിവരണം കേൾപ്പിക്കാം. ആ മഹാത്മാവ് പറയുന്നു:

സ്തുതിക്കർഹതയുള്ള ഒരാളുടെ നല്ല പ്രവർത്തനത്തിന് സ്തുതി പറയുന്നതിനാണ് ഹംദ് എന്ന് പറയുന്നത് എന്ന കാര്യം വ്യക്തമായിരിക്കട്ടെ. അതുപോലെ തന്നെ തന്റെ ഉദ്ദേശ്യത്തോടെ അനുഗ്രഹം നൽകുകയും തന്റെ പൂർണ്ണമായ ഇച്ഛയോടുകൂടി ഔദാര്യം ചെയ്യുകയും ചെയ്തവനെ പ്രകീർത്തിക്കുന്നതിന്റെ പേരും ഹംദ് എന്നാണ്. യഥാർത്ഥത്തിലുള്ള ഹംദ് മുഴുവൻ അനുഗ്രഹങ്ങളുടെയും പ്രകാശങ്ങളുടെയും ഉറവിടമായ ആ അസ്തിത്വത്തിന് മാത്രമേ പൂർണ്ണമായ നിലയിൽ ഭൂഷണമായിരിക്കുകയുള്ളൂ. പൂർണ്ണമായ സ്വബോധത്തോടെ നിർബന്ധിതാവസ്ഥയിലല്ലാതെ പൂർണ്ണമായ നിലയിൽ മറ്റുള്ളവർക്ക് അവൻ അനുഗ്രഹങ്ങൾ വർഷിക്കുന്നു. ഹംദിന്റെ ഈ അർത്ഥം, എല്ലാം അറിയുന്നവനും കാണുന്നവനുമായ അല്ലാഹുവിൽ മാത്രമേ ദർശിക്കാൻ സാധിക്കുകയുള്ളൂ. അവൻ തന്നെയാണ് ഔദാര്യം ചെയ്യുന്നവൻ. ആദ്യത്തിലും അവസാനത്തിലും എല്ലാ നന്മയും അവനിൽ നിന്നാണ്. ഈ ലോകത്തും പരലോകത്തുമുള്ള എല്ലാ സ്തുതികളും അവനുള്ളതാണ്. അവനെക്കൂടാതെ അന്യരോട് ചെയ്യുന്ന എല്ലാ ഹംദുകളും തിരിച്ച് പോക്കുന്നതും അവനിലേക്ക് തന്നെയാണ്.

ഹംദ് എന്ന വാക്കിന്റെ വിശദീകരണമാണിത്. ഈ വസ്തുതകൾ മുന്നിൽ വെച്ച്കൊണ്ട് **അൽഹംദുലില്ലാഹ്** എന്ന് പറയുമ്പോൾ അത് ഒരു മുഅ്മിൻ അല്ലാഹുവിനോട് ചെയ്യേണ്ട യഥാർത്ഥത്തിലുള്ള ഹംദായി മാറുന്നു. വിശുദ്ധ ഖുർആനിൽ ഈ ഹംദ് എന്ന വാക്ക് അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് ശ്രദ്ധക്ഷണിച്ച്കൊണ്ട് ഒരുപാട് സ്ഥലങ്ങളിൽ പ്രയുക്തമായിട്ടുണ്ട്.

ഏതായിരുന്നാലും ഇപ്പോൾ ഞാൻ ഈ ഉദ്ധരണിയുടെ വെളിച്ചത്തിൽ സംസാരിക്കുന്നതാണ്. അതിന്റെ ഒരു വിശദീകരണം നൽകുന്നതുമാണ്. ഇതിൽ ഹംദ് എന്ന വാക്കിന്റെ അഭിപ്രായത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതെല്ലാം കാര്യങ്ങളിലേക്കാണോ ശ്രദ്ധതിരിക്കുന്നത് അത് ഇതാണ്. ഒന്നാമതായി സ്തുതിക്കുവാൻ അർഹതയുള്ള ഒരാളുടെ നല്ല പ്രവർത്തനത്തിന് സ്തുതി പറയുക. മനുഷ്യരിൽ പലരെയും പ്രകീർത്തിക്കാറുണ്ട്. എന്നാൽ പറയുന്നു; പ്രകീർത്തനത്തിന് അർഹനായിട്ടുള്ളത് അല്ലാഹു മാത്രമാണ്. രണ്ടാമതായി എല്ലാ സ്തുതികളും അല്ലാഹുവിനാണ് എന്ന് പറയാനുള്ള കാരണം അവനാണ് സ്തുതിക്കാൻ അർഹതപ്പെട്ടവൻ എന്ന കാര്യം മനസ്സിലാക്കേണ്ടതാണ്.

അവിടുന്നു പറയുന്നു; തന്റെ ഇഷ്ടപ്രകാരം അനുഗ്രഹം നൽകുന്ന അനുഗ്രഹദാദാവിനെ നാം സ്തുതിക്കുന്നു. അതായത് അല്ലാഹുവിന്റെ അനുഗ്രഹ വർഷമുണ്ടാകുന്നത് അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നവരുടെ പ്രവർത്തനങ്ങളെക്കാൾ കൂടുതലായി അല്ലാഹുവിന്റെ ഇച്ഛ കൊണ്ടാണ് അനുഗ്രഹങ്ങൾ ഉണ്ടാകുന്നത്. അല്ലാഹു ചില അവസരങ്ങളിൽ റഹ്മാനിയത്തിന്റെ പ്രഭ പ്രകടമാക്കിക്കൊണ്ട് യാതൊരു വിധ കർമ്മങ്ങളില്ലാതെ അനുഗ്രഹിക്കാറുണ്ട്, അതല്ലങ്കിൽ ചെയ്ത കർമ്മത്തേക്കാൾ ആയിരക്കണക്കിന് ഇരട്ടി വർദ്ധിപ്പിച്ച് അനുഗ്രഹങ്ങൾ നൽകാറുണ്ട്. അല്ലെങ്കിൽ റഹീമിയത്തിന്റെ പ്രഭ പ്രകടമാക്കിക്കൊണ്ട് അനുഗ്രഹങ്ങൾ നൽകാറുണ്ടെങ്കിൽ അതും അല്ലാഹുവിന്റെ ഉദ്ദേശ്യം കൊണ്ടാണ്. അല്ലാഹു തന്നെയാണ് എന്തെങ്കിലും ജോലി ചെ

യ്യാനോ, ദുആ ചെയ്യാനോ ദാസന് തൗഫീഖ് നൽകുന്നത്. പിന്നീട് അതിന്റെ പരിണിതഫലമായി നല്ല ഫലം ലഭിക്കുന്നു. തുടർന്ന് അല്ലാഹു ദാസനെ അനുഗ്രഹിക്കുന്നു. മൂന്നാമതായി പറയുന്നത് തന്റെ ഉദ്ദേശത്തിന് അനുസരിച്ച് ഔദാര്യം ചെയ്യുക എന്നതാണ്. അല്ലാഹുവിനെക്കാൾ കൂടുതലായി മറ്റാരാണ് തന്റെ ഉദ്ദേശ്യമനുസരിച്ച് ഔദാര്യം ചെയ്യുകയും മറ്റെന്തെങ്കിലും പ്രവർത്തനം ചെയ്യുകയും തന്റെ കാരുണ്യത്തെ വിശാലമാക്കിക്കൊണ്ട് തന്റെ ദാസരിൽ ഔദാര്യം ചെയ്യാൻ ആഗ്രഹിക്കുന്നതും. അല്ലാഹുവിന്റെ വാഗ്ദാനം അവന്റെ ഉദ്ദേശ്യത്തോടൊപ്പം ചേരുമ്പോൾ പാരിതോഷികങ്ങളുടെയും അനുഗ്രഹങ്ങളുടെയും ഫള്ലുകളുടെയും മനുഷ്യന്ന് ഉൾക്കൊള്ളുവാൻ സാധിക്കാത്ത പേമാരി വർഷിക്കപ്പെടുന്നു. ഈ കാലഘട്ടത്തിൽ ഇതിന്റെ ദൃശ്യം നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ കാണാൻ സാധിക്കുന്നു. കാരണം അല്ലാഹുവിന്റെ വാഗ്ദാനവും തീരുമാനവും അല്ലാഹുവിന്റെ വിജയമാണ് പ്രഖ്യാപിക്കുന്നത്.

അടുത്ത കാര്യമായി അവിടുന്ന് പറഞ്ഞത് ആരിൽ നിന്നാണോ എല്ലാ അനുഗ്രഹങ്ങളുടെയും പ്രകാശം ഉദിക്കുന്നത് ആ അസ്തിത്വമാണ് ഹംദിന്റെ യഥാർത്ഥത്തിലുള്ള അവകാശി എന്നാണ്. അതുകൊണ്ട് മനുഷ്യൻ **അൽഹംദുലില്ലാഹ്** എന്ന് പറയുമ്പോൾ അല്ലാഹുവിന്റെ അസ്തിത്വത്തിൽ നിന്ന് മാത്രമാണ് മനുഷ്യന് എല്ലാ വിധത്തിലുള്ള അനുഗ്രഹങ്ങളും ലഭിക്കുന്നത് എന്ന ചിന്തയോടുകൂടിയായിരിക്കണം പറയേണ്ടത്. ആ അസ്തിത്വം തന്നെയാണ് ആകാശഭൂമികളുടെ പ്രകാശവും ഇതുതന്നെയാണ് അല്ലാഹു പറയുന്നത് اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ

അവൻ പ്രകാശവാനാണെങ്കിൽ മനുഷ്യൻ അവനിലേക്ക് മടങ്ങേണ്ടതാണ്. അവനിലേക്ക് കുതിക്കുകയും, അവന്റെ മുമ്പിൽ കുമ്പിടുകയും ചെയ്യേണ്ടതാണ്. പിന്നീട് ഇങ്ങനെ യഥാർത്ഥത്തിലുള്ള സ്തുതിപാഠകരായിക്കൊണ്ട് അത്തരത്തിലുള്ള മനുഷ്യൻ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് കുതിച്ച് കൊണ്ടിരിക്കുന്നു. ഇവിടെ അല്ലാഹുവിന്റെ ഔദാര്യത്തിന്റെ മറ്റൊരു വിഷയം ആരംഭിക്കുന്നു. അല്ലാഹു പറയുന്നു

اَللّٰهُ وَلِيُّ الَّذِيْنَ اٰمَنُوْا ۙ يُخْرِجُهُمْ مِّنَ الظُّلُمٰتِ اِلَى النُّوْرِ

അല്ലാഹു വിശ്വാസികളുടെ സുഹൃത്തായി മാറുന്നു. അവരെ അന്ധകാരത്തിൽ നിന്ന് പുറത്ത് കൊണ്ട് വന്ന് പ്രകാശത്തിലേക്ക് നയിക്കുന്നു. ഏതൊരു ദാസന്റെ സുഹൃത്തായി അല്ലാഹു മാറ്റുന്നുവോ പിന്നീട് അവന് അൽഹംദുലില്ലാഹിലൂടെയും പുതിയൊരു ഗ്രാഹ്യം സ്വായത്തമാകുന്നു. പിന്നീട് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഒരു പുതിയ പരമ്പര ആരംഭിക്കുന്നു. അഥവാ യഥാർത്ഥത്തിൽ ഹംദ് ചെയ്യപ്പെടുന്നവൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശിയായിത്തീരുകയും തുടർന്ന് അനന്തമായ രീതിയിൽ ഇതിന് അവകാശിയായിത്തീരുകയും ഈ പരമ്പര തുടർന്ന് പോകുകയും ചെയ്യുന്നു. ഒന്നിന് ശേഷം മറ്റൊരു അനുഗ്രഹം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പിന്നീട് അവിടുന്ന് പറയുന്നു; അല്ലാഹു ഏതെങ്കിലും നിർബന്ധിതാവസ്തയിലോ അതല്ലെങ്കിൽ അറിവില്ലാതെയോ ആരിലും അനുഗ്രഹം ചൊരിയാറില്ല. മറിച്ച് പൂർണ്ണമായ ഉൾക്കാഴ്ചയോട് കൂടിയാണ് അനുഗ്രഹം ചൊരിയുന്നത്. അവനറിയാം ഞാൻ ഔദാര്യം ചെയ്യുകയാണ് എന്ന്. ഈ ഔദാര്യത്തിന് പ്രതിഫലമൊന്നും അവർ വാങ്ങുന്നില്ല. എന്നാൽ ദാസനോട് പറയുന്നത് നീ നന്ദിയുള്ളവനായിത്തീർന്നാൽ, യഥാർത്ഥത്തിൽ ഹംദ് ചെയ്യാൻ തുടങ്ങിയാൽ, ഔദാര്യത്തിന്റെ ഉത്തരവാദിത്വം നിറവേറ്റിയാൽ **ല അസീദന്നക്കും** നിനക്ക് കൂടുതലായി നൽകപ്പെടും. എന്റെ ഈ അനുഗ്രഹങ്ങളും ഔദാര്യങ്ങളും വർദ്ധിച്ച് കൊണ്ടേയിരിക്കും. ഈ അനുഗ്രഹങ്ങളും ഔദാര്യങ്ങളും ഈ ലോകത്ത് മാത്രമല്ല നിങ്ങൾക്ക് ഉണ്ടാകുക, മറിച്ച് ആ ലോകത്തും ഈ അനുഗ്രഹങ്ങളും ഔധാര്യങ്ങളും ഉണ്ടാവും. യഥാർത്ഥത്തിലുള്ള സ്തുതിയുടെ അവസാനിക്കാത്ത ഫലം നിങ്ങൾ ഭക്ഷിച്ചു കൊണ്ടേയിരിക്കും.

പിന്നീട് പറയുന്നു: അല്ലാഹുവിനെ കൂടാതെ അന്യരെ അഥവാ അവന്റെ സൃഷ്ടികളെ നിങ്ങൾ സ്തുതിക്കുമ്പോൾ അത് അല്ലാഹുവിലേക്ക് കൊണ്ടെത്തിക്കുന്നതാണ്. അത് കൊണ്ടെത്തിക്കുന്നതായി തീരേണ്ടതാണ്. ഒരു യഥാർത്ഥ മുഅ്മിന് ഇക്കാര്യം മനസ്സിലാക്കാൻ സാധിക്കേണ്ടതാണ്. അതായത് എല്ലാ പ്രകീർത്തനങ്ങളുടെയും മടക്കം അവനിലേക്കാണ്. കാരണം എല്ലാ ശക്തികളുടെയും ഉടമസ്ഥൻ അല്ലാഹുവാണ്. ആകാശവും ഭൂമിയും അതിലുള്ള എല്ലാ വസ്തുക്കളും സൃഷ്ടിക്കുന്നവൻ അല്ലാഹു വാണ്. അത് ജീവനുള്ള സൃഷ്ടികളാണെങ്കിലും ജീവനില്ലാത്ത സൃഷ്ടികളാണെങ്കിലും സസ്യലതാതികളാണെങ്കിലും മൃഗങ്ങളാണെങ്കിലും മനുഷ്യനാണെങ്കിലും എല്ലാവരെയും സൃഷ്ടിച്ചവനും അവരിൽ അവരുടെ പ്രത്യേകതകൾ സൃഷ്ടിക്കുന്നവനും അല്ലാഹുവാണ്. അവയിൽനിന്ന് ഒരു മനുഷ്യന് പ്രയോജനമെടുക്കാൻ സാധിക്കും.

ഒരു വസ്തുവിലും ഒരു മനുഷ്യനിലും മനുഷ്യന് പ്രയോജനപ്രദമായ ഒരു പ്രത്യേകതയും ശക്തിയും അല്ലാഹു പ്രകടിപ്പിക്കാത്തിടത്തോളം അതിന് അതിന്റേതായ യാതൊരു പ്രധാന്യവും തന്നെയില്ല. ഈ ലോകത്തും നാം അനേകം വസ്തുക്കളിൽ നിന്ന് പ്രയോജനമെടുക്കുന്നു. പ്രയോജനമെത്തിക്കാനുള്ള കഴിവ് അതിൽ അല്ലാഹുവാണ് സൃഷ്ടിക്കുന്നത്. അല്ലാഹു ആഗ്രഹിക്കാത്തിടത്തോളം മനുഷ്യന് അതിൽ നിന്ന് പ്രയോജനമെടുക്കാൻ സാധ്യമല്ല. ഒരോ പ്രത്യേകതയും ഓരോരുത്തർക്കും അല്ലാഹുവിന്റെ അനിഷ്ടത്തിനും ഉദ്ദേശ്യത്തിനും അവന്റെ പ്രകൃതി നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. അതുകൊണ്ട് ദൈവേതരങ്ങളിൻ നിന്ന് പ്രയോജനമെടുക്കുന്നതിന് ശേഷവും യഥാർത്ഥത്തിലുള്ള സ്തുതി അല്ലാഹുവിന് തന്നെയായിക്കണം. അവനെ ഹംദ് ചെയ്യണം. അവൻ ഈ മാർഗ്ഗങ്ങളും വസ്തുതക ളും നമുക്കായി സൃഷ്ടിച്ചു. അതുമുഖേന ദൈവദാസൻ, ഒരു വിശ്വാസി പ്രയോജനപ്പെടുന്നു. ഏതെങ്കിലും മനുഷ്യനിൽ നിന്ന് പ്രയോജനമെടുക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തോടും നന്ദി കാണിക്കണം എന്ന കൽപ്പനയുമുണ്ട്. അല്ലാഹു അദ്ദേഹത്തെ എന്റെ പ്രയോജനത്തിനായി അയച്ചിരിക്കുന്നു എന്നും എന്റെ പുരോഗതിക്ക് മാർഗ്ഗമാക്കിയിരിക്കുന്നു എന്ന നിയ്യത്തോടും കൂടി ദാസനോട് നന്ദി കാണിക്കുകയാണെങ്കിൽ ഇതും അല്ലാഹുവിനോട് നന്ദി കാണിക്കലാണ്. ഇത് സർവ്വലോകങ്ങളുടെയും രക്ഷിതാവായ നമ്മെ സൃഷ്ടിക്കുകയും നമ്മുടെ പരിപാലനത്തിനുള്ള മാർഗ്ഗങ്ങൾ സൃഷ്ടിക്കുകയും മറ്റു വസ്തുക്കളും സൃഷ്ടിക്കുകയും ചെയ്ത അല്ലാഹുവിനോടുള്ള നന്ദി പ്രകടനമാണ്. പിന്നീട് മനുഷ്യൻ സൃഷ്ടിയെ ദൈവമാക്കുകയില്ല. ഈ സൃഷ്ടി മുഖേനയാണ് എന്റെ ഈ ജോലി നടന്നത് എന്ന് ചിന്തിക്കുകയില്ല. പിന്നീട് യഥാർത്ഥത്തിലുള്ള റബ്ബ് അല്ലാഹു മാത്രമായിരിക്കും, അവൻ റബ്ബുൽ ആലമീനാണ്. ഒരു മുഅ്മിൻ ദാസരുടെ ഔദാര്യ ങ്ങൾക്കും നന്ദി പ്രകടിപ്പിക്കുമ്പോഴും ഔദാര്യങ്ങളുടെ ഉറവിടം അല്ലാഹുവിന്റെ അസ്ത്വിത്തമാണ് എന്ന് മനസ്സിലാകുന്നത് ഒരു മുഅ്മിന്റെ പ്രഭാവത്തിന് അനുഗുണമാണ്. അതേപോലെ ആരുടെ ഭാഗത്ത് നിന്നെങ്കിലും നല്ല പെരുമാറ്റം കാണുമ്പോൾ, മറ്റുള്ളവരുടെ ഹൃദയത്തിൽ നല്ല പെരുമാറ്റം കാഴ്ചവെക്കുന്നതിനുള്ള ചിന്ത ഇട്ടുകൊടുത്തതും അല്ലാഹുവാണെന്നും അങ്ങനെ ഈ നല്ല പെരുമാറ്റത്തിനുള്ള കാരണവും

അല്ലാഹുവിന്റെ അസ്തിത്വമാണെന്നും മനസ്സിലാക്കുന്നു. ഒരു യഥാർത്ഥ മുഅ്മിന്റെ ചിന്ത, ഒരോ പ്രയോജനത്തിലും ഏത് മാർഗ്ഗത്തിലൂടെ ലഭിച്ചാലും അല്ലാഹുവിന്റെ അസ്തിത്വത്തിലേക്ക് എത്തിച്ചേരുന്നു. ഈ ഒരു ചിന്തയുണ്ടാകുമ്പോൾ അത് തന്നെയാണ് യഥാർത്ഥത്തിലുള്ള ഹംദ്. ഇതിലേക്കാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയും ശ്രദ്ധ നിലനിർത്താൻ വേണ്ടി പറയുകയും ചെയ്തിരിക്കുന്നത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് അംഗങ്ങളിൽ അധികമാളുകളും ഈ ഒരു ചിന്താഗതിയോട് കൂടിയാണ് അല്ലാഹുവിന്റെ ഹംദ് ചെയ്യുന്നത്. അങ്ങനെ തന്നെയാണ് ചെയ്യേണ്ടതും. വിശ്വാസവും ഈ യഥാർത്ഥത്തിലുള്ള ഹംദിനോടൊപ്പമാണ് പുരോഗമിക്കുന്നത്. എന്നാൽ ഒരു ജമാഅത്ത് എന്ന നിലയിലും നാം ഈ വിധത്തിൽ തന്നെ ചിന്തിക്കേണ്ടതാണ്. ഓരോ അവസരത്തിലും വിവിധ മാർഗ്ഗങ്ങളിലൂടെ ജമാഅത്ത് മുന്നോട്ട് കുതിക്കുന്നതായി അല്ലാഹു കാണിക്കുന്നു. അതുകൊണ്ട് നാം അല്ലാഹുവിനെ സ്തുതിക്കുന്നവരായി തീരേണ്ടതാണ്. എല്ലായ്പ്പോഴും നാം അൽഹംദുലില്ലായുടെ ആത്മാവ് മനസ്സിലാക്കുന്നവരായി തീരണം. ഇങ്ങനെ എല്ലായിടത്തും ഈ വിധത്തിൽ ഹംദ് ചെയ്യപ്പെടുകയാണെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ വർഷവും മുമ്പത്തേക്കാളുപരിയായി വർഷിക്കപ്പെടുന്നതായിരിക്കും. ഈ യഥാർത്ഥത്തിലുള്ള ഹംദ് മനുഷ്യനിൽ ഒരു ആത്മീയ വിപ്ലവം സംജാതമാകുന്നു. സൂക്ഷ്മമായ ശിർക്കിൽ നിന്നും രക്ഷപ്പെടുത്തി ഒരു മനുഷ്യനെ യഥാർത്ഥത്തിലുള്ള ഇബാദത്ത് ചെയ്യുന്നവനാക്കി തീർക്കുന്നു. പിന്നീട് അല്ലാഹു ചെയ്യാൻ കൽപ്പിച്ചിരിക്കുന്ന കൽപ്പനകൾ അന്വേഷിച്ച് പ്രവർത്തിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായിത്തീരുന്നു. മനുഷ്യന്റെ മഹത്വം സ്വായത്തമാക്കുന്നതിനേക്കും, ഉന്നത സ്വഭാവഗുണം പ്രകടിപ്പിക്കുന്നതിനേക്കും ശ്രദ്ധയുണ്ടാകുന്നു. ഈ ഹംദ് ചെയ്യുന്നതിനേക്കാണ് നാം അന്വേഷണം നടത്തേണ്ടത്.

ഞാൻ കാനഡയിൽ വെച്ച് നടത്തിയ കഴിഞ്ഞ ജുമുഅ ഖുത്വുബയിൽ അമേരിക്കയിലെയും കാനഡയിലെയും യുവാക്കളെക്കുറിച്ച് പറഞ്ഞിരുന്നു. അവർക്ക് ജമാഅത്തി പ്രവർത്തനങ്ങളിൽ വളരെയധികം ആക്ടീവ് ആകാനുള്ള തൗഫീഖ് അല്ലാഹു നൽകിയിരിക്കുന്നു. അന്യരുമായി ബന്ധം വർദ്ധിപ്പിക്കുന്നതിൽ വളരെയധികം മുന്നോട്ട് കുതിക്കാൻ അവർക്ക് സാധിച്ചു. ഈ ബന്ധം സ്ഥാപിച്ചതിന്റെ നല്ല ഫലങ്ങളും ഉണ്ടായി. ഒരുപാട് വിദ്യാസമ്പന്നരായ ആളുകളുമായി അവർക്ക് ബന്ധം ഉണ്ടായി. ആ രാജ്യങ്ങളിലെ പ്രഗത്ഭ വ്യക്തികളുമായി അവർക്ക് ബന്ധമു ണ്ടായി. ഈ ബന്ധം കാരണം ഞാൻ അവിടെ പോയപ്പോൾ വിവിധ ആളുകളുമായി എനിക്ക് കൂടികാഴ്ച നടത്താൻ സാധിച്ചു. കൂടുതൽ പേരും നമ്മുടെ മിഷൻ ഹൗസിൽ വന്ന് അവിടെവെച്ച് തന്നെ കൂടിക്കാഴ്ച നടത്തി. വലിയ വലിയ ആളുകൾ അവരെക്കുറിച്ച് ചിന്തിക്കാറുള്ളത് അവർ വരില്ല എന്നാണ്. അവരും അവിടെ വന്നു. ഈ രാജ്യങ്ങളുടെ നയതന്ത്രജ്ഞരുമായും ലോകത്തിന്റെ തന്നെ നയങ്ങൾ രൂപീകരിക്കുന്നവരുമായി സംവദിക്കാനും അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതും അവസരം ലഭിച്ചു. ഈ ബന്ധം കാരണം ഈ പ്രയോജനമുണ്ടായി. ഞാൻ പറഞ്ഞതുപ്പോലെ ഇതിൽ വലിയ ഒരു പങ്ക് യുവാക്കളാണ് വഹിച്ചത്.

എന്നാൽ അമേരിക്കയിലേയോ, കാനഡയിലേയോ ലോകത്തിലെ മറ്റേതെങ്കിലും രാജ്യങ്ങളിലോ ഉള്ള യുവാക്കളെ ഞാൻ ഈ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഏതെങ്കിലും വിധത്തിലുള്ള ഭൗതീകമായ ബന്ധങ്ങളെ തങ്ങളുടെ വലിയ വിജയമായി ഗണിക്കാതിരിക്കുക. ഈ ഭൗതികരായിട്ടുള്ള ആളുകളിലേക്ക് എത്തിച്ചേരാൻ അല്ലാഹു നിങ്ങൾക്ക് ഒരു അവസരം നൽകിയിരിക്കുന്നു. അവരിലേക്ക് യഥാർത്ഥവും നീതിനിഷ്ഠവുമായ ഇസ്ലാമിക അദ്ധ്യാപനങ്ങൾ എത്തിയിരിക്കുന്നു. നിങ്ങൾ അവരുമായി എന്റെ കൂടിക്കാഴ്ച നടത്തിച്ചു. അവർക്ക് ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കാൻ അല്ലാഹു എനിക്ക് അവസരം തന്നു. യുക്തിയോടു കൂടി ഭൗതീക കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ഈ രാജ്യങ്ങളിലെ ഉന്നത വ്യക്തിത്വങ്ങൾക്ക് ലോകത്തിന് മാർഗ്ഗ നിർദ്ദേശം എങ്ങനെ നൽകാം എന്ന് പറഞ്ഞ് കൊടുക്കാൻ സാധിച്ചു. എല്ലാ സ്ഥലങ്ങളിലേയും യുവാക്കളോടും പ്രത്യേകിച്ച് അമേരിക്കയിലേയും കാനഡയിലേയും യുവാക്കളോട് പറയാൻ ആഗ്രഹിക്കുന്നത് - കാരണം ഞാൻ ഇപ്പോൾ അവിടങ്ങളിലെ പര്യടനം കഴിഞ്ഞാണ് വന്നിരിക്കുന്നത്-നിങ്ങളുടെ ബന്ധങ്ങളെ, നിങ്ങളുടെ വിജയങ്ങളെ നിങ്ങളുടെ ഏതെങ്കിലും ശ്രേഷ്ഠതയായി കണക്കാക്കരുത്, മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിനെ സ്തുതിക്കുക എന്നതാണ്. അവൻ നിങ്ങൾക്ക് ഇങ്ങനെ ബന്ധം സ്ഥാപിക്കുന്നതിനുള്ള അവസരം നൽകി. ഈ ബന്ധങ്ങൾ മുഖേന നമ്മുടെ ലക്ഷ്യം വ്യക്തിപരമായ പ്രയോജനപ്പെടുത്തലല്ല. ഒരിക്കലും അങ്ങനെ ആകാൻ പാടുള്ളതല്ല. ലോകത്തിന് സന്മാർഗം കാണിച്ചുകൊടുക്കലാണ് നമ്മുടെ ലക്ഷ്യം. പരമാവധി പരിശ്രമിച്ച് ലോകത്തിന് ശരിയായ മാർഗ്ഗത്തിൽ ചരിക്കുന്നതിനുള്ള മാർഗ്ഗം പറഞ്ഞുകൊടുക്കുക. ഇവ അവർ അംഗീകരിച്ചാൽ നന്ന്. ചുരുങ്ങിയ പക്ഷം നമ്മുടെ കടമ നിറവേറ്റപ്പെടുമെല്ലോ! ലോകത്തെ കുഴപ്പത്തിൽ നിന്നും നാശത്തിൽ നിന്നും രക്ഷപ്പെടുത്താൻ സാധിക്കുമെല്ലോ! കാരണം ഏതൊരു മാർഗ്ഗത്തിലൂടെയാണോ ലോകം പോയിക്കൊണ്ടിരിക്കുന്നത് ഇത് തുട ർന്നാൽ തീർച്ചയായും വലിയ ഒരു നാശമാണ് അതിൽ കാണുന്നത്. ലോകത്തെ അല്ലാഹുവിലേക്ക് കൊണ്ടുവരിക. ഈ ബന്ധങ്ങൾ മുഖേന നമുക്ക് എന്തെങ്കിലും ഭൗതിക പ്രയോജനമുണ്ടെന്ന ചിന്ത ആർക്കെങ്കിലും ഉണ്ടെങ്കിൽ, അല്ലെങ്കിൽ നമ്മുടെ കഴിവ് മുഖേനയാണ് ഈ ബന്ധങ്ങൾ ഉണ്ടായത് എന്നഹങ്കരിക്കുന്നെങ്കിൽ, അതെല്ലങ്കിൽ അഹ്മദിയ്യാ ജമാഅത്തിന് പുരോഗതി ഇതുമായി ബന്ധപ്പെട്ടാണ് എന്ന് ധരിക്കുന്നെങ്കിൽ അത് പൂർണ്ണമായും തെറ്റാണ്.

ഞാൻ ഹംദ് എന്ന വിഷയത്തിൽ വിവരിച്ചത് പോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജമാഅത്തിന് പുരോഗതി നൽകി അനുഗ്രഹിക്കുക എന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യമാണ്. ഈ പുരോഗതി സ്വായത്തമാക്കുന്നതിൽ നമ്മുടെ നിസ്സാരമായ പരിശ്രമങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ അതിന്റെ ഫലം വെളിവാക്കുന്നത് അല്ലാഹുവിന്റെ ഔദാര്യം എന്ന നിലയിലാണ് വെളിപ്പെടുന്നത്. എല്ലാ പരിശ്രമങ്ങളുടെയും ഫലം ആരുടെയെങ്കിലും വ്യക്തിപരമായ ശ്രേഷ്ഠതകളെക്കാളും അദ്ധ്വാനങ്ങളെക്കാളും അല്ലാഹുവിന്റെ അനുഗ്രഹം നിമിത്തമാണ്. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ്. ഈ ചിന്താഗതി നാം നിലനിർത്തുകയാണെങ്കിൽ അനുഗ്രഹം വർഷിച്ച് കൊണ്ടിരിക്കുന്നതാണ്. ഈ ഭൗതികരിൽ നിന്ന് നമുക്ക് ഒന്നും തന്നെ നേടാനില്ല. നമ്മുടെ ലക്ഷ്യവും അതല്ല.

എന്റെ അമേരിക്കൽ പര്യടനത്തിന്റെ റിപ്പോർട്ട് അൽഫസൽ പത്രം വായിക്കുന്നവർ വായിച്ചിട്ടുണ്ടാകും. അമേരിക്കയിലെ ക്യാപിറ്റൻഹിൽ എന്ന് പറയപ്പെടുന്ന സ്ഥലത്തു വെച്ചാണ് അമേരിക്കൻ കോൺഗ്രസ്സും സെനറ്റും തങ്ങളുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും തീരുമാനങ്ങളെടുക്കുന്നത്. അവിടെ ഒരു പരി

പാടി നടന്നിരുന്നു. ഒരു ഹാളിൽ ഞാൻ അവരോട് സംക്ഷിപ്ത മായി ഒരു പ്രസംഗം നടത്തി. നമ്മുടെ ചില എതിരാളികൾ ഇതിനെയും നമുക്കെതിരിൽ തിരിക്കാനായി ശ്രമിച്ചു. പ്രത്യേകിച്ച് പാകിസ്ഥാനിൽ അഹ്മദികൾക്കെതിരിൽ കൂടുതൽ ജനങ്ങളെ പ്രകോപിതരാക്കുന്നതിന് വേണ്ടി. ഏതായിരുന്നാലും അവർക്ക തിൽ പ്രത്യേകിച്ച് ഒരു നേട്ടവും ലഭിച്ചില്ല. അവരുടെ വാദം ഇതാ യിരുന്നു. ഞാൻ അഹ്മദികൾക്കായി അമേരിക്കൻ ഭരണകൂട ത്തിൽ നിന്ന് സഹായമർത്ഥിക്കാനായി പോയി. അല്ലെങ്കിൽ സ്വന്തം രാജ്യത്തിനെതിരിൽ, പാകിസ്ഥാനെതിരിൽ എന്തോ ഗൂ ഢാലോചന നടത്താനായി പോയി. ഇത് ഞാൻ അവിടെ പറഞ്ഞ കാര്യങ്ങൾ കേട്ടാൽ ഇവർക്ക് നീതിയുടെ ദൃഷ്ടി അഥവാ ഉണ്ടെ ങ്കിൽ സ്വയം തീരുമാനിക്കാൻ സാധിക്കും. ഓരോരുത്തർക്കും സ്വയം തീരുമാനമെടുക്കാൻ സാധിക്കുന്നതാണ്. ഞാൻ ഏന്തെ ങ്കിലും വാങ്ങാനാണോ പോയിരുന്നത് അതോ അവർക്ക് എന്തെ ങ്കിലും പറഞ്ഞ് കൊടുക്കാനാണോ പോയിരുന്നത്.

നമ്മുടെ അവലംബം അല്ലാഹുവിന്റെ അസ്തിത്വമാണ്. ജമാ അത്തിന്റെ പുരോഗതി അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ്. ഒരു ഭരണകൂടത്തിന്റെയും സഹായം കൊണ്ടല്ല. ഞങ്ങളുടെ ഹൃദ യത്തിൽ ഈ ഒരു ചിന്ത ഒരിക്കലും ഉണ്ടായിട്ടില്ല. രാജ്യത്തിനെ തിരിൽ ഗൂഢാലോചനയെക്കുറിച്ചാണെങ്കിൽ ഞങ്ങൾ ഇവരെ ക്കാൾ കൂടുതൽ രാജ്യത്തെ സ്നേഹിക്കുന്നവരാണ്. ഇവർക്ക് പാകിസ്ഥാന്റെ സ്ഥാപനത്തിൽ യാതൊരു പങ്കും ഇല്ല. ഇതിനെ നിലനിർത്തുന്നതിലും യാതൊരു പങ്കുമില്ല. മറിച്ച് ഇവർ രണ്ട് കൈകൾകൊണ്ടും രാജ്യത്തിനെ കൊള്ളയടിച്ച് കൊണ്ടിരിക്കു കയാണ്. നാശത്തിലേക്ക് നയിക്കുകയാണ്. ഇനി നേടിയതിനെ ക്കുറിച്ചാണെങ്കിൽ ഇതുകൂടി പറയാം. 2008 ൽ ഞാൻ അമേരി ക്കയിലെ ജൽസയിൽ പോയപ്പോൾ അവിടെ ഒരു റിസപ്ഷൻ ഉണ്ടായിരുന്നു. അതിൽ പ്രാദേശികമായിട്ടുള്ള ആളുകൾ വന്നി രുന്നു. അവരിൽ കേവലം ഒരു സെനറ്റർ മാത്രം വന്നു, അഞ്ച് മിനിറ്റ് ഇരുന്ന് തിരിച്ചുപോയി. അതും ഫങ്ങ്ഷൻ തുടങ്ങുന്നതിനു മുമ്പ് തന്നെ. എന്റെ ഓർമ്മ ശരിയാണെങ്കിൽ മറ്റു സെനറ്ററോ കോൺഗ്രസ്സ്മാനോ ആരും തന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹവു മായി അഞ്ചു മിനിറ്റ് സംസാരം നടന്നു. എന്നോട് ചോദിച്ചു; താങ്കൾ എന്നിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്. അയാളുടെ രീതി എന്ത് ചോദിക്കാനാണ് വന്നിരിക്കുന്നത് എന്ന് ചോദിക്കുന്നത് പോലെ എനിക്കു തോന്നി. പാകിസ്ഥാനികളെകുറിച്ച് ഒരു പക്ഷേ അവരുടെ ചിന്താഗതി ചോദിക്കാൻ വേണ്ടിയാണ് വരുന്നത് എന്നായിരിക്കും. ഞാൻ അപ്പോൾ പറഞ്ഞതു ഞാൻ നിങ്ങളിൽ നിന്ന് ഒന്നും തന്നെ നേടാനല്ല വന്നത്. നിങ്ങൾ ലോകത്ത് സമാ ധാനം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നുണ്ട് എങ്കിൽ നിങ്ങൾ ഏത് മാർഗ്ഗം അവലംബിക്കണം എന്ന് പറഞ്ഞു തരുന്നതിന് വേണ്ടി യാണ് ഞാൻ വന്നിരിക്കുന്നത്. നിങ്ങളുടെ നയങ്ങൾ എങ്ങനെ രൂപപ്പെടുത്തണം. ഏതായിരുന്നാലും ഞാൻ പറഞ്ഞതുപോലെ അന്ന് വന്ന ഒരേ ഒരു സെനറ്ററായിരുന്നു. ഏതാനും മിനിറ്റ് സംഭാ ഷണം നടത്തി തിരിച്ചുപോയി. എന്നാൽ ക്യാപിറ്റൽ ഹില്ലിൽ ഈ പ്രസംഗത്തിന്റെയും ഫങ്ങ്ഷന്റെയും പ്രാധാന്യം എന്നെ സംബന്ധിച്ചിടത്തോളം ഇത്രമാത്രമായിരുന്നു. ഈ നേതാക്കന്മാർ ഒരുമിച്ച് കൂടിയാൽ വിദ്യാസമ്പന്നരായ ഒരു വിഭാഗം അവിടെ എത്തിചേർന്നാൽ, അവർക്ക് ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ ചില വശങ്ങൾ പറഞ്ഞു കൊടുക്കാൻ സാധിക്കും. ലോക സമാ ധാനത്തിനായി ഈ വാക്കുകൾ കേട്ട് ശരിയായ ചുവട്‌വെപ്പ് നട ത്താൻ ഒരു പക്ഷേ അവർക്ക് സാധിക്കുമായിരിക്കാം.

ഈ ഫങ്ങ്ഷന് ഒരു ദിവസം മുമ്പ് സി.എൻ.എന്നിന്റെ പ്രതി നിധി എന്റെ ഇന്റർവ്യൂ എടുത്തിരുന്നു. മറ്റുകാര്യങ്ങൾ കൂടാതെ അദ്ദേഹം ചോദിച്ചു: താങ്കൾക്ക് വളരെ പ്രധാനപ്പെട്ട അവസരം ലഭിച്ചിരിക്കുകയാണ്, താങ്കൾക്ക് എന്താണ് തോന്നുന്നത്? ഞാൻ അദ്ദേഹത്തോട് പറഞ്ഞു; എന്റെ വായിൽ നിന്ന് ഒറ്റയടിക്ക് പുറ ത്ത് വന്നത്, എന്നെ സംബന്ധിച്ചിടത്തോളം ഇത് അത്ര പ്രധാന പ്പെട്ട അവസരമൊന്നുമല്ല. ആവശ്യത്തിലധികം എക്സൈറ്റിങ്ങ് ആകാനോ മറ്റുമുള്ള അവസരമൊന്നുമല്ല. ഞാൻ അമേരിക്കയിൽ നടത്തുന്ന ഈ പര്യടനത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്റെ ആളു കളുമായി കൂടിക്കാഴ്ച്ച നടത്തലും അവരുടെ മതപരവും സ്വഭാ വപരവും ആത്മീയവുമായിട്ടുള്ള അവസ്ഥകളിലേക്ക് അവരെ ശ്രദ്ധിപ്പിക്കുകയും ചെയ്യുകയെന്നതാണ്. ഇതുകേട്ടതിന് ശേഷം അദ്ദേഹം പറഞ്ഞു; താങ്കളുടെ ഈ വാക്കുകൾ അമേരിക്കയിലെ രാഷ്ട്രീയക്കാരെ സംബന്ധിച്ചിടത്തോളം വളരെ അത്ഭുതകര മായ കാര്യമാണ്. അതായത് താങ്കൾ അവർക്ക് ഒരു പ്രാധാന്യ വും നൽകുന്നില്ല എന്നത്. പിന്നീട് ചിരിച്ചുകൊണ്ട് പറയുകയു ണ്ടായി, താങ്കളുടെ ഈ വാക്കുകൾ ഞാൻ ഈ രാഷ്ട്രീയക്കാ രോട് പറയില്ല. ഒരു ഭൗതികനായിട്ടുള്ള വ്യക്തിയുടെ ദൃഷ്ടിയിൽ ഈ പരിപാടിക്ക് വലിയ പ്രാധാന്യം ഉണ്ടായിരിക്കാം. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ഇല്ല. ഉണ്ടാവാൻ പാടുള്ളതുമല്ല. എന്നാൽ നാം ഉന്നത സ്വഭാവഗുണം പ്രകടിപ്പിച്ചുകൊണ്ട് അവ ർക്ക് നന്ദി തീർച്ചയായും രേഖപ്പെടുത്തും. കാരണം അവർ നമ്മുടെ വാക്കുകൾ കേട്ടു. അതുപോലെ തന്നെ ആ ഫങ്ങ്ഷന് മുമ്പ് വിവിധ വിഭാഗങ്ങളിലെ ചാപ്ലെൻസ്, നമ്മുടെ ഒരു അഹ്മ ദിയുമായുള്ള ബന്ധം നിമിത്തം എന്നെ കാണുന്നതിനായി വന്നു, അവർ അഞ്ചാറു പേരുണ്ടായിരുന്നു. അതിൽ ഒരാൾ എന്നോട് ചോദിച്ചു. നാളെ താങ്കൾ കോൺഗ്രസ്സ്മാന്മാരോടും സെനറ്റർമാ രോടും പ്രസംഗിക്കാൻ പോകുകയാണല്ലൊ? അതുകൊണ്ട് താങ്കൾ നെർവെസ്സ് ആകുന്നുണ്ടോ? ഞാൻ അദ്ദേഹത്തോട് പറഞ്ഞു, തീർച്ചയായും ഇല്ല. കാരണം എനിക്കു വിശുദ്ധ ഖുർ ആനെ കുറിച്ചും ഇസ്‌ലാമിനെ കുറിച്ചുമാണ് പറയേണ്ടത്. ഇതിൽ നെർവെസ്സാകേണ്ട എന്തെങ്കിലുമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അല്ലാഹു തൗഫീഖ് നൽകുന്നതായിരിക്കും. വിവിധ പരിപാടി കളിൽ ലക്ചർ നൽകാനുള്ള അവസരം ലഭിക്കാറുണ്ട്. ഇതു കേട്ട് അവർ സ്വയം പറയാൻ തുടങ്ങി; ഞങ്ങൾക്ക് അഥവാ ഇങ്ങനെ ഒരു അവസരം ലഭിച്ചാൽ വളരെ അധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഞങ്ങൾ വളരെയധികംപ്രസംഗങ്ങൾ നടത്തു ന്നവരായിരുന്നിട്ട് പോലും നെർവസ്സാകുന്നു. ഇവർ തങ്ങളുടെ മതപരമായ ആചാരങ്ങൾ അനുഷ്ഠിപ്പിക്കുന്നതിന് വേണ്ടിയുള്ള മതനേതാക്കൾ ആണെങ്കിൽ പോലും ഇവരിൽ ഭൗതീകതക്കാണ് ആധിപത്യമുള്ളത്. അതുകൊണ്ടാണ് ഇങ്ങനെയുണ്ടാകുന്നത്. ക്യാപിറ്റൽ ഹിൽ എന്ന പേര് തന്നെയാണ് ഇവർക്ക് എല്ലാം. അവർ അമേരിക്കക്കാർ ആയിരുന്നാലും ശരി. എന്നാൽ ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നവർക്ക് അല്ലാഹുവാണ് എല്ലാം. അങ്ങനെ തന്നെയാണ് വേണ്ടത്. ജമാഅത്തിനെതിരിൽ ആരോപ ണമുന്നയിക്കുന്നവരും ഈ ആളുകളുടെ സ്വാധീനത്തിന് അടിമ പ്പെടുന്നത് പോലെ സ്വാധീനിക്കപ്പെടുന്നു. ഇവരുടെ ഈ സ്വാധീ നം നിമിത്തം ഒരിക്കലും തന്നെ ഇസ്‌ലാമിന്റെ സന്ദേശം എത്തി ക്കാനുള്ള തൗഫീഖ് ഇവർക്ക് ലഭിച്ചിട്ടില്ല. ഇവരിൽ ചിലർ അവരെ കാണാറുമുണ്ടായിരിക്കാം. എന്നിരുന്നാലും അല്ലാഹുവിന്റെ സന്ദേ ശം എത്തിക്കാനോ വിശുദ്ധ ഖുർആന്റെ സന്ദേശമെത്തിക്കാനോ അവർക്കായിട്ടില്ല. ഈ ഫങ്ങ്ഷൻ കഴിഞ്ഞപ്പോൾ ഒരു കോൺ

ഗ്രസ്സ്മാൻ മറ്റൊരാളോട് സംസാരിക്കുകയായിരുന്നു. നമ്മുടെ ഒരു അഹ്മദി സഹോദരൻ അതുകേട്ടു. പറഞ്ഞു മുസ്‌ലിംകളുടെ നേതാക്കന്മാർ ഇങ്ങനെയായിരിക്കണം. കാര്യങ്ങൾ തുറന്നു പറയുന്നവരാകണം. കാര്യങ്ങൾ വളരെ ശക്തമായ ഭാഷയിൽ വിവരിക്കണം. ഏതായിരുന്നാലും ഇത് ഒരു അഭിപ്രായമാണ്. ഇന്നേവരേക്കും ഒരു മുസ്‌ലിം നേതാവിനും ഏതുവരെയെന്നാൽ ഭരണകൂടങ്ങളുടെ തലവന്മാർക്ക് പോലും ഇതിനുള്ള തൗഫീഖ് ലഭിച്ചിട്ടില്ല. ഇവർക്ക് ദീനിനേക്കാൾ കൂടുതൽ ദുനിയാവിലേക്കാണ് ചിന്ത. അതുകൊണ്ട് തൗഫീഖ് നൽകിയില്ല. നമുക്ക് ഈ ഭൗതീകനേതാക്കന്മാരിൽ നിന്നും ഒന്നും നേടാനില്ല. മറിച്ച് അവർക്ക് നൽകാനുള്ളത് എന്ന ചിന്തയോടുകൂടിയായിരിക്കണം യുവാക്കൾ ഇവരുമായി ബന്ധം സ്ഥാപിക്കാൻ. നന്ദിപ്രകടനം ഏറ്റവും കൂടുതലായി അല്ലഹുവിനായിരിക്കണം. പിന്നീട് നിങ്ങൾ നോക്കുക, അല്ലാഹുവിന്റെ അനുഗ്രഹം എപ്രകാരമാണ് വർദ്ധിക്കാ ത്തത്.

ഓർത്തുകൊള്ളുക, ജമാഅത്തിന്റെ പ്രവർത്തനങ്ങളിലൊരിക്കലും തന്നെ ഭൗതീകത യോജിക്കുകയില്ല. അഥവാ ഭൗതീകരായിട്ടുള്ളവരെ തങ്ങളുടെ എല്ലാമായി ഗണിച്ചാൽ അനുഗ്രഹദാതാവായ അല്ലാഹു അവൻ ഈ അനുഗ്രഹങ്ങളെ തിരിച്ചെടുക്കാനുള്ള ശക്തിയുള്ളവനാണ്. നമ്മുടെ ലക്ഷ്യം എല്ലായിപ്പോഴും അല്ലാഹുവിനോടുള്ള സ്തുതിയും അവന്റെ പ്രീതിയുമായിരിക്കണം. അതുതന്നെയാണ് നമ്മുടെ ലക്ഷ്യം. ഏതെങ്കിലും ഭൗതികവ്യക്തിയുമായുള്ള ബന്ധമല്ല നമ്മുടെ അവസാന ലക്ഷ്യം. അങ്ങനെ ഒരിക്കലും ഉണ്ടായിട്ടില്ല. ഉണ്ടാകുന്നതുമല്ല. നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം ഈ ഭൗതികരിൽ നിന്ന് എന്തെങ്കിലും സ്വായത്തമാക്കുകയെന്നതോ അവരിലേക്ക് എത്തിച്ചേരുകയെന്നതോ അല്ല.

ഇനി അമേരിക്കയിലെ ക്യാപിറ്റൽ ഹിൽ ആണെങ്കിലും ശരി മറ്റേതെങ്കിലും പാർലമെന്റ് ആണെങ്കിലും ശരി, അവിടങ്ങളിലെ ഫങ്ങ്ഷൻ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം ഒരിക്കലും ആയിട്ടില്ല. അങ്ങനെ ആകുന്നതുമല്ല. അങ്ങനെ ആയിത്തീരാൻ പാടുള്ളതുമല്ല. ഇത് നമ്മുടെ പാരമ്യതമല്ല. എത്ര വലിയ വിദ്യാസമ്പന്നനാണെങ്കിലും ഇവരുമായി എത്രതന്നെ വലിയ ബന്ധമുണ്ടെങ്കിലും നമ്മുടെ പാരമ്യത എന്നു പറയുന്നത് ലോകത്തെ ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരാക്കി തീർക്കുകയെന്നതാണ് എന്ന് ഓരോ അഹ്മദിയും ഓർക്കേണ്ടതാണ്. ഇതാണ് നമ്മുടെ പരമോന്നത ലക്ഷ്യം. റസൂൽ തിരുമേനി(സ)യുടെ പതാകയെ എല്ലാ പാർലമെന്റുകളെക്കാളും എല്ലാ രാജ്യങ്ങളുടെ പതാകകളേക്കാളും ഉയർത്തുകയെന്നതാണ്. ഇതാണ് നമ്മുടെ ലക്ഷ്യം. അധികമാളുകളും എം.ടി.ഏയിൽ അവിടെ നടന്ന പരിപാടി കണ്ടിരിക്കും. റിപ്പോർട്ടും വായിച്ചിരിക്കും, ഞാൻ അവിടെ പറഞ്ഞതെല്ലാം വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളും സത്യത്തിന്റെ അദ്ധ്യാപനങ്ങളുമാണ്. അത് പറയുന്നതിനാണ് പരിശ്രമിച്ചത്. ഇതിൽ എന്റേതായ ഒരു ശ്രേഷ്ഠതയുമില്ല. ഞാൻ എന്നെ സ്വയം ഒരു പൂർണ്ണയോഗ്യതയില്ലാത്ത മനുഷ്യനായിട്ടാണ് കാണുന്നത്. എന്നാൽ ഏതൊരു മസീഹ് മൗഊദിന്റെ പ്രതിനിധിയായിക്കൊണ്ടാണോ ഞാൻ ഈ പ്രസംഗത്തിനായി പോയിരുന്നത് അദ്ദേഹത്തോടും നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ(സ) യോടും **നുസിർത്തു ബിർറുഅ്ബി** (ആദരയുക്തമായ ഭയം മുഖേന നീ സഹായിക്കപ്പെട്ടിരിക്കുന്നു) എന്ന അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. അവിടേക്ക് പോകുമ്പോൾ കാറിൽ വെച്ച് ഞാൻ ദുആ ചെയ്തു. ഇതിനെക്കുറിച്ച് ചിന്തിക്കുന്നത് അപ്പോഴാണ്. ഞാൻ ഇപ്രകാരം ദുആ ചെയ്തു. ജനങ്ങൾ പറയുന്നത് ഇത് വലിയൊരു സഭയാണെന്നാണ്. ഞാൻ നിന്റെ ഒരു വിനീത ദാസനാണ്. നിന്റെ സന്ദേശവും കൊണ്ടാണ് ഞാൻ പോകുന്നത്, അതുകൊണ്ട് **നുസിർത്തു ബിർറുഅ്ബി** എന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള വാഗ്ദാനം ഇന്നും പുലർത്തി കാണിച്ചു തന്നാലും. അല്ലാഹു ഈ ദുആ സ്വീകരിക്കുകയുണ്ടായി. അഹ്മദികൾ അതു കാണുകയും അവരുടെ അനുഭവങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. എന്നല്ല അന്യരും ഇത് പ്രകടിപ്പിക്കുകയുണ്ടായി. മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബിന്റെ മകനായ അവിടെ താമസിക്കുന്ന മഹ്മൂദ് ഖാൻ സാഹിബ് അവിടുത്തെ കേന്ദ്ര ആമിലയിലും അദ്ദേഹം മെമ്പറാണ്. അദ്ദേഹം ഇതിനെകുറിച്ച് ഒരു ചെറിയ ലേഖനവും എഴുതിയിട്ടുണ്ട്. അൽ ഫസൽ പത്രത്തിലും മറ്റു മാസികകളിലും അത് പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ഞാൻ കരുതുന്നു. ഈ രാഷ്ട്രീയക്കാരുടെ അവിടുത്തെ അവസ്ഥയെ കുറിച്ചും അവരുടെ അഭിപ്രായങ്ങളെ കുറിച്ചുമാണത്. എങ്ങനെയാണ് അവരിൽ അത് സ്വാധീനം ചെലുത്തിയത്. ഈ ഫങ്ങ്ഷനിൽ 29 കോൺഗ്രസ്സ്മാന്മാരും സെനറ്റർമാരും വന്നിരുന്നു. തിങ്ക് റ്റാങ്ക്, പെന്റഗണ് എൻ.ജി.ഓയുമായി ബന്ധപ്പെട്ട ഏതാനും പേരുണ്ടായിരുന്നു. പ്രഫസർമാരും ഉണ്ടായിരുന്നു. ഏകദേശം ഇവർ എല്ലാവരുടെയും അംഗസംഖ്യ 110 ആയിരുന്നു. പൊതുവിൽ അവിടെയുള്ള രീതിയെക്കുറിച്ച് പറയപ്പെടുന്നത് കോൺഗ്രസ്സ്മാന്മാരും സെനറ്റർമാരും ഏതെങ്കിലും ഫങ്ങ്ഷനിൽ അധികനേരം ഇരിക്കാറില്ല എന്നാണ്. കുറച്ച് സമയത്തിന് ശേഷം എഴുന്നേറ്റ് പോകും. ഏതായിരുന്നാലും ഇത് അവരുടെ സ്വഭാവവുമായി ബന്ധപ്പെട്ട കാര്യമാണ്. അത് ഏതു തരത്തിലുള്ളതാണെന്ന് അവർക്ക് മാത്രമേ അറിയുകയുള്ളൂ. എന്നാൽ അവർ ഇരിക്കാറില്ലെന്നും മറിച്ച് എഴുന്നേറ്റ് പോകാറാണ് പൊതുശീലമെന്നും അവിടെയുള്ള എല്ലാവർക്കും അറിയാം. എന്നാൽ ഈ ഫങ്ങ്ഷനിൽ മുൻകൂട്ടി അനുവാദം വാങ്ങിയ ഒന്ന് രണ്ട് പേരൊഴികെ മറ്റെല്ലാവരും മുഴുവൻ സമയവും ഇരുന്നു. എന്നല്ല അവിടെ തന്നെയുള്ള ക്യാപിറ്റൽ ഹില്ലിലെ ഒരു പഴയ ബ്യൂറോക്രാറ്റ് പറയുകയുമുണ്ടായി, ഞാൻ 15 വർഷമായി ഇവിടെയുണ്ട്. പത്തിലധികം കോൺഗ്രസ്സ്മാന്മാരോ സെനറ്റർമാരോ ഏതെങ്കിലും ഫങ്ങ്ഷനിൽ ഒരുമിച്ചു വന്നതായി ഞാൻ ഇതുവരെ കണ്ടിട്ടില്ല. രണ്ടാമത്തെ കാര്യം ചിലർ എത്ര നല്ല പ്രോഗ്രാം ആയിരുന്നാലും അഞ്ചോ ആറോ മിനിറ്റിലധികം ഇരിക്കാറില്ല. എഴുന്നേറ്റ് പോകും. ഏതെങ്കിലും രാജ്യത്തിലെ നേതാവ് വന്നാലും എന്നല്ല ഞങ്ങളുടെ സ്വന്തം പരിപാടികളിലും ഇരിക്കാറില്ല. പറഞ്ഞു, ഈ കാര്യം എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതാവഹമാണ്. വിവിധ പാർട്ടികളുടെ നേതാക്കന്മാരും രാഷ്ട്രീയക്കാരും എല്ലാവരും ഇരിക്കുന്നു. ഞാൻ പറഞ്ഞു 2008ൽ ഞങ്ങളുമായി കൂടിക്കാഴ്ച നടത്തിയ സെനറ്റർ വലിയ അഹങ്കാര മനോഭാവമാണ് അയാൾക്കുണ്ടായിരുന്നത്. അദ്ദേഹവും അവിടെ വന്നു എന്നു മാത്രമല്ല സ്റ്റേജിൽ വന്നുകൊണ്ട് സംസാരിച്ചു. മുഴുവൻ സമയവും എന്റെ പ്രസംഗം ശ്രദ്ധിച്ച് കേട്ടതിനുശേഷമാണ് തിരിച്ചുപോയത്. സീറ്റുകളുടെ കുറവ് നിമിത്തം നിൽക്കേണ്ടി വന്ന ഏതാനും കോൺഗ്രസ്സ്മാന്മാരും സെനറ്റർമാരും ഉണ്ടായിരുന്നു. അവിടെ ലഭ്യമായ ഏറ്റവും വലിയ ഹാളായിരുന്നു അത്. വലിയ ഹാളുകൾ പൊതുവിൽ അവിടെയില്ല. ഈ ഹാളിനെ അവർ ഗോൾഡ് റൂം എന്നാണ് പറയുന്നത്. അതാണ് ഏറ്റവും വലിയ നല്ല ഹാൾ. അവിടെയാണ് നല്ല പരിപാടികൾ നടക്കുന്നത്. സീറ്റുകളുടെ കുറവു നിമിത്തം ഇവർ നിന്ന് പൂർണ്ണമായും എല്ലാം കേട്ടു. അവരുടെ താൽപര്യ

ത്തിന് വിരുദ്ധമായ കാര്യങ്ങളായിരിക്കാം അവർ കേട്ടുകൊണ്ടിരുന്നത്. ഞാൻ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ നീതി പാലിക്കുക, യഥാർത്ഥ രീതിയിൽ നീതി നടപ്പിലാക്കിയില്ല എങ്കിൽ നിങ്ങളുടെ ഭരണം എത്രതന്നെ ശക്തമായിരുന്നാലും നിങ്ങൾക്കതിനെ നില നിർത്താൻ സാധിക്കുകയില്ല. വലിയ സമുദായങ്ങൾ ചെറിയ സമുദായങ്ങളെ ശ്രദ്ധിക്കുക. ഇത് സമാധാന സംസ്ഥാപനത്തിന് വളരെ അത്യാവശ്യമായ കാര്യമാണ്. സമാധാന കൗൺസിലിലും യു.എൻ.ഓയിലും എല്ലാ സമുദായങ്ങളും തുല്യമായി ഇരിക്കേണ്ടതാണ്. മറ്റു രാജ്യങ്ങളിലെ സമ്പത്തിൽ കണ്ണുവെക്കരുത്. ഈ കാര്യങ്ങളാണ് ഞാൻ അവരോട് പറഞ്ഞത്. ഇത് അവരുടെ താൽപര്യത്തിന് യോജിച്ചതാണ് എന്ന് പറയാൻ സാധ്യമല്ല. ഇതെല്ലാം ഞാൻ അവരോട് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിലാണ് പറഞ്ഞത്.

എന്റെ പ്രസംഗത്തിന് ശേഷം അവിടുത്തെ ആദ്യത്തെ മുസ്‌ലിം കോൺഗ്രസ്സ്മാൻ ആയ അദ്ദേഹം ആഫ്രിക്കൻ അമേരിക്കനാണ്, എന്നോട് പറഞ്ഞു, മറ്റുള്ളവരുടെ സമ്പത്തിനെ അത്യാഗ്രഹത്തോടെ നോക്കരുത് എന്ന് താങ്കൾ പറഞ്ഞത് എനിക്കു വളരെയധികം ഇഷ്ടപ്പെട്ടു. അവർക്കും അറിയാം എന്താണ് പോളിസി എന്നും അത് എങ്ങനെയാണ് നോക്കുന്നത് എന്നും. അദ്ദേഹം പറയുകയുണ്ടായി. ഈ പ്രസംഗം പ്രസിദ്ധീകരിച്ച് എല്ലാവർക്കും വളരെ പെട്ടെന്ന് തന്നെ എത്തിക്കേണ്ടതാണ്. മറ്റൊരു കോൺഗ്രസ്സ്മാന്റെ അഭിപ്രായം ഇതായിരുന്നു. ഈ സന്ദേശം ഇന്ന് അമേരിക്കയ്ക്ക് ആവശ്യമുള്ള സന്ദേശമാണ്.

ഇവരിലേക്ക് ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങൾ എത്തിക്കുകയെന്നത് കേവലം അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ് നടന്നത്. ഇതിന് സ്വാധീനം ഉണ്ടായാലും ഇല്ലെങ്കിലും അല്ലെങ്കിൽ താൽകാലിക സ്വാധീനമുണ്ടാവുകയും അത് അപ്രത്യക്ഷമായാലും ഇല്ലെങ്കിലും കാര്യം ചെവികൊണ്ടാലും ഇല്ലെങ്കിലും, ഇവരിൽ ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങൾ തീർച്ചയായും വെളിപ്പെട്ടു. ഇതിനുള്ള സാഹചര്യം ഒരുക്കിയ അല്ലാഹുവിനാണ് യഥാർത്ഥത്തിലുള്ള എല്ലാ സ്തുതിയും. ഈ കാര്യം ഓരോ അഹ്മദിയും ഓർക്കേണ്ടതാണ്.

അതുപോലെതന്നെ ഞാൻ ഇവരുടെ രാഷ്ട്രീയക്കാരെ മുലാക്കാത്ത് അവസരങ്ങളിലും നീതിനിലനാട്ടുന്നതിലേക്ക് ശ്രദ്ധക്ഷണിച്ചു. അഥവാ ഇവർ ശ്രദ്ധിച്ചാൽ ലോകവും കുഴപ്പത്തിൽ നിന്ന് രക്ഷപ്പെടും ഇവരും രക്ഷപ്പെടും. ഇനി അഥവാ ശ്രദ്ധിച്ചി ല്ലെങ്കിൽ അല്ലാഹുവിന്റെ തഖ്ദീർ അതിന്റെ പ്രവർത്തി കാഴ്ച വെക്കും.

കാനഡയിലും നമ്മുടെ യുവാവായ വിദേശ സെക്രട്ടറി, അദ്ദേഹത്തിന്റെ ടീമിനും നല്ല ബന്ധമാണ് ഉണ്ടാക്കിയിട്ടുള്ളത്. പുതിയ ആളുകളുമായും പഴയ ആളുകളുമായും അവർ ബന്ധം നില നിർത്തിയിട്ടുണ്ട്. അവരും അല്ലാഹുവിന് നന്ദി കാണിക്കേണ്ടതാണ്. അല്ലാഹു ജമാഅത്തിന് പ്രയോജനപ്പെടാൻ അവർക്ക് അവസരം നൽകി. സത്യത്തിന്റേയും നീതിയുടേയും കാര്യങ്ങൾ അവരിലേക്ക് എത്തിക്കാൻ സാധിച്ചു. ഒരുപാട് പാർട്ടി ലീഡർമാരുമായി അവിടെ വെച്ച് മുലാക്കാത്ത് ചെയ്യിപ്പിച്ചു. ലോകത്ത് സമാധാന സംസ്ഥാപനത്തിനായി ഈ വലിയ രാജ്യങ്ങളിലെ രാഷ്ട്രീയക്കാർക്ക് മനസ്സിലാക്കി കൊടുക്കേണ്ടതും നിർബന്ധമാണ്. അതുപോലെതന്നെ അഭ്യസ്ഥവിദ്യർക്കും മനസ്സിലാക്കി ക്കൊടുക്കേണ്ടത് അനിവാര്യമാണ്.

ഇപ്രാവശ്യം കാനഡയിൽ രണ്ട് വിവിധ പരിപാടികൾ ഉണ്ടായി. ഒരു റിസപ്ഷൻ നടന്നു. അവർ പുതുതായി നിർമ്മിച്ച താഹിർ ഹാളിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ടതായിരുന്നു അത്. അതിൽ പ്രാദേശികരായിട്ടുള്ള ഒട്ടനവധി രാഷ്ട്രീയക്കാരും വിദ്യാസമ്പന്നരായിട്ടുള്ള കാനഡക്കാർ വന്നിരുന്നു. അവരോട് ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ അൽപം സംസാരിക്കാൻ അവസരം ലഭിച്ചു. എനിക്ക് ലഭിച്ച ചില അതിഥികളുടെ അഭിപ്രായം വളരെ പോസിറ്റീവാണ്. ഈ പോസിറ്റീവായിട്ടുള്ള അഭിപ്രായം അവരുടെ ചിന്താഗതിയേയും അവരുടെ പോളിസികളേയും മാറ്റുന്നതാക്കി അല്ലാഹു തീർക്കുമാറാകട്ടെ. ഈ താഹിർ ഹാളിനെകുറിച്ച് ആദ്യം ഇത് കൂടി പറയാം. ആദ്യം ചില എൻ.ജി.ഓകളേയും ചാരിറ്റി സംഘടനകളേയും സഹായിക്കുന്ന ഒരു സർക്കാരി സ്ഥാപനവും ഇതിന് നിർമ്മാണത്തിനായി ഏകദേശം 2 1/2 മില്ല്യണ് ഡോളർ വാഗ്ദാനം ചെയ്തിരുന്നു. കുറച്ച് പങ്ക് അവർ വഹിക്കും, കുറച്ച് ജമാഅത്തും. എനിക്ക് അറിയാൻ കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു, നന്ദി പറഞ്ഞ് കൊണ്ട് അവരുടെ പണം തിരികെ നൽകുകയും നിർമ്മിക്കാൻ സാധിക്കുമെങ്കിൽ ജമാഅത്ത് സ്വയം നിർമ്മിക്കുന്നതായിരിക്കും ഉത്തമം. അല്ലാഹു അനുഗ്രഹിച്ച് അനേകം മില്ല്യൺ ഡോളർ ചിലവാക്കി ഈ ഹാളും അതോടൊപ്പം ജാമിഅ അഹ്മദിയായുടെ കെട്ടിടവുണ് അവർ നിർമ്മിച്ചു. കാനഡാ ജമാഅത്തിന് അനേകം മില്ല്യൺ ഡോളറുകൾ ചിലവ് വരുന്ന പള്ളി നിർമ്മാണത്തിന്റെ പദ്ധതികൾ ഉണ്ടായിട്ട് പോലും ഇത് നിർമ്മിക്കാനുള്ള തൗഫീഖ് അല്ലാഹു അവർക്ക് നൽകി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പദ്ധതികൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്. ത്യാഗം ചെയ്യുന്ന ജമാഅത്താണ്. അല്ലാഹു ഇവരുടെ സമ്പത്തിലും ജീവനിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ജാമിഅക്കായി ഉപയോഗിച്ചിരുന്ന കെട്ടിടം വാങ്ങിയ കെട്ടിടമായിരുന്നു. അത് നമുക്ക് മതിയാകാതെയായി. ഇപ്പോൾ ഇതോടൊപ്പം നല്ല ഓഫീസും ക്ലാസ്സ് റൂമും എല്ലാം തന്നെ ഉണ്ടായിട്ടുണ്ട്. ജാമിഅ പീസ് വില്ലേജിൽ തന്നെയാണ്. അതുകൊണ്ട് നിയന്ത്രിക്കാനെല്ലാം എളുപ്പമാണ്. ഇൻശാ അല്ലാഹ് ഈ വർഷം അവിടെ ജാമിഅ ആരംഭിക്കും.

ഈ പുരോഗതി കാണുമ്പോഴും അല്ലാഹുവിനോടുള്ള ഹംദ് കൊണ്ട് ഹൃദയം നിറഞ്ഞ് കവിയുന്നു. അല്ലാഹു ജമാഅത്തിലെ ഓരോ വ്യക്തിയേയും യഥാർത്ഥത്തിൽ നന്ദി പ്രകടിപ്പിക്കുന്നവരും ഹംദ് ചെയ്യുന്നവരും ആക്കിത്തീർക്കുമാറാകട്ടെ. ജമാഅത്തിനോടുള്ള ബന്ധം കാരണം മുഖ്യമന്ത്രി ഒന്റാറിയോ വളരെ നിർബന്ധപൂർവ്വം ഒരു റിസപ്ഷൻ ഒരുക്കിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ജമാഅത്തിന് എല്ലാ നിലയിലുള്ളവരുമായും നല്ല ബന്ധമാണുള്ളത്. ഞാൻ കാനഡയിൽ വന്നത് അറിഞ്ഞപ്പോൾ അദ്ദേഹം എനിക്ക് റിസപ്ഷൻ നൽകാൻ ആഗ്രഹം പ്രകടിപ്പിച്ചു. സമയം കുറവാണ്, ടൗണിൽ മുഖ്യമന്ത്രിയുടെ ഓഫീസിലോ സെക്രട്ടറിയേറ്റിലോ ഗസ്റ്റ് ഹൗസിലോ അല്ലെങ്കിൽ അദ്ദേഹം പരിപാടി ഒരുക്കുന്നിടം വരെ പോകാനും വരാനും വളരെ പ്രയാസമായിരിക്കും. സമയം വെറുതെ പാഴാകും. അദ്ദേഹം പറഞ്ഞു; ഇതാണ് കാര്യമെങ്കിൽ ഞാൻ നിങ്ങളുടെ താമസ സ്ഥലത്തുള്ള ഒരു വലിയ ഹോട്ടലിൽ റിസപ്ഷൻ ഒരുക്കാം. എന്തായിരുന്നാലും താങ്കൾ തീർച്ചയായും വരണം. അതുകൊണ്ട് തന്നെ നിരസിക്കാനും ഒരവസരവും ഇല്ലായിരുന്നു. അങ്ങനെ അദ്ദേഹം ക്ഷണിച്ചു. വളരെ നല്ല വാക്കുകളിൽ ജമാഅത്തിനെ കുറിച്ചും ജമാഅത്തുമായുള്ള ബന്ധത്തെ കുറിച്ചും പറഞ്ഞു. ജമാഅത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ചു പറഞ്ഞു. അവിടെ എത്തിയിരുന്നവരോടും ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളെ കുറിച്ച് പറഞ്ഞ് ഇരുപത് മിനിറ്റോളം സംസാരിക്കാൻ അവസരം ലഭിച്ചു. മറ്റുള്ളവരുമായുള്ള ബന്ധം സ്ഥാപിക്കുന്ന കാര്യങ്ങളിൽ കാനഡ

ജമാഅത്തിലെ ചില ഭാരവാഹികളും സാധാരണക്കാരും വളരെ നല്ല നിലയിലാണ് ഉള്ളത്. മുമ്പു ണ്ടായിരുന്ന ബന്ധങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് മാത്രമല്ല വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ഇത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് എന്ന് എപ്പോഴും ഓർക്കുക. ഏതെങ്കിലും യുവാവിന്റേയോ വ്യക്തിയുടേയോ വ്യക്തിപരമായ മഹത്വമല്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡ ജമാഅത്ത് ആത്മാർത്ഥതയിലും കൂറിലും വളരെ മുൻകടന്നവരാണ്. ഞാൻ കഴിഞ്ഞ ഖുത്ബയിൽ അവരുടെ ജൽസ സംഘാടനത്തിലുണ്ടായ ചില പോരായ്മകൾ കാരണം അൽപം നീരസം പ്രകടിപ്പിച്ചിരുന്നു. ജമാഅത്ത് അംഗങ്ങളുമായി മുലാക്കാത്ത് നടത്തിയപ്പോഴും കൂടാതെ കത്തുകളിലൂടെയും അവർ കരഞ്ഞുകൊണ്ട് മാപ്പിനപേക്ഷിച്ചു കൊണ്ടിരുന്നു. ഞാൻ അൽപം നീരസം പ്രകടിപ്പിച്ചിട്ടുണ്ട്, എങ്കിൽ പോലും അത് ബന്ധപ്പെട്ട വിഭാഗത്തിനോടായിരുന്നു, അതിന്റെ ഉദ്യോഗസ്ഥരോടായിരുന്നു. എന്നാൽ ജമാഅത്ത് അംഗങ്ങളോടുള്ള ആത്മാർത്ഥതകൊണ്ടും സ്നേഹം കൊണ്ടുമാണ് അവരെ കുറിച്ച് ചിന്തയില്ലായിരുന്നുവെങ്കിൽ ജൽസ അമേരിക്കയിലേക്ക് മാറ്റുമായിരുന്നു എന്ന് ഞാൻ അവരോട് പറഞ്ഞത്. അവിടെയുള്ള ജമാഅത്ത് അംഗങ്ങളോട് എനിക്ക് പൊതുവിൽ ഒരു പരാതിയും ഇല്ല. ജൽസക്കിടയിൽ ഭാരവാഹികളിൽ നിന്നോ ഇനി ജമാഅത്ത് അംഗങ്ങളിൽ നിന്നോ ഏതെങ്കിലും വിധത്തിലുള്ള തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ, പൊതുവിൽ സ്ത്രീകളുടെ ഭാഗത്ത് നിന്ന് എല്ലായിടത്തും പരാതി ഉണ്ടാകാറുണ്ട്, അവരുടെ ഒരു ഭാഗത്ത് നിന്ന് ഒരു പാട് ബഹളം ഉണ്ടാകുന്നുണ്ട് , അതുകൊണ്ട് മറ്റുള്ളവ ർക്ക് ജൽസ ശ്രദ്ധിക്കാൻ സാധിക്കുന്നില്ല. എന്നാൽ ഈ എല്ലാ കാര്യങ്ങളും ഭാരവാഹികളും ഡ്യൂട്ടി ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും യഥാർത്ഥ രീതിയിൽ ഡ്യൂട്ടി ചെയ്യുന്നവരായിത്തീർന്നാൽ ദൂരികരിക്കാൻ സാധിക്കും. അതുകൊണ്ട് മാപ്പ് അപേക്ഷിക്കേണ്ടിയിരുന്നു എങ്കിൽ ഭാരവാഹികളും ചില ഡ്യൂട്ടി ചെയ്യുന്നവരുമാണ് ചെയ്യേണ്ടിയിരുന്നത്. അവർക്ക് അതിനെ കുറിച്ച് ചിന്തയു ണ്ടായില്ല. അതിനാൽ സാധാരണ അഹ്മദികളായ സ്ത്രീകളും പുരുഷന്മാരും ഞാൻ നീരസം പ്രകടിപ്പിച്ചതുകൊണ്ട് അസ്വസ്ഥരായിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡ ജമാഅത്തിന്റെ ആത്മാർത്ഥതയും കൂറും കണ്ട് അല്ലാഹുവിനോടുള്ള ഹംദ് കൊണ്ട് ഹൃദയം നിറഞ്ഞ് പോകുന്നു. ഇപ്പോൾ അവിടെ പീസ് വില്ലേജിനു ചുറ്റുപാടും മുമ്പുള്ള താമസക്കാരെ കൂടാതെ കൂടുതൽ താമസക്കാർ ഉണ്ടായിരിക്കുന്നു. പീസ് വില്ലേജിന്റെ മറ്റൊരു ഭാഗവും ജനവാസമുള്ളതായിരിക്കുന്നു. അതുപോലെ തന്നെ റോഡിന്റെ മറുവശത്തു ജനവാസം ഉണ്ടായിരിക്കുന്നു. എന്റെ ഊഹമനുസരിച്ച് ഏകദേശം ആയിരം അഹ്മദീ വീടുകൾ അവിടെ ഉണ്ടായിരിക്കും. അതുകൊണ്ട് തന്നെ ഒരു മനോഹാരിത അവിടെ നിലനിൽക്കുന്നു. അവിടെ ഒരു അഹ്മദി അന്തരീക്ഷം എപ്പോഴും അനുഭവപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡ ജമാഅത്തിന്റെ ആത്മാർത്ഥതയും കൂറും കണ്ടുകൊണ്ട് ഞാൻ പറഞ്ഞതു പോലെ അല്ലാഹുവിന്റെ ഹംദ് കൊണ്ട് ഹൃദയം നിറഞ്ഞ് തുളുമ്പുന്നു. ഏതുവിധത്തിലുള്ള ജനങ്ങളെയാണ് അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് നൽകിയിരിക്കുന്നത്. ഖിലാഫത്തിനോടുള്ള സ്നേഹത്തിൽ അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്ന ഒരു പ്രിയപ്പെട്ട ജമാഅത്താണ് അത്.

ഞാൻ പറഞ്ഞതുപോലെ ദിവസവും പീസ് വില്ലേജിൽ ഈ ഒരു മനോഹാരിത ഉണ്ടായിരുന്നു. റമദാൻ അടുത്തെത്തിയതുകൊണ്ട് കുറച്ച് ദിവസങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവരുടെ ആത്മാർത്ഥതയും കൂറും കണ്ടുകൊണ്ട് എന്റെ ഹൃദയം അവിടെ അൽപം കൂടി താമസിക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹം ഇതു കൂടിയാണ്. ജൽസയുടെ സ്ഥലം ചില കാര്യങ്ങൾക്ക് കുറവുള്ളതായി മാറിയിരിക്കുന്നു. പാർക്കിങ്ങിനും മറ്റും ഒരു പാട് ബുദ്ധിമുട്ട് അനുഭവപ്പെട്ടു. അതുകൊണ്ട് കാനഡ ജമാഅത്ത് തങ്ങളുടെ വിശാലതയെ കുറിച്ചും ജൽസയെകുറിച്ചും ചിന്തിക്കേണ്ടതാണ്. എങ്ങനെ സംഘടിപ്പിക്കും എന്നതിനെകുറിച്ച് വ്യാകുലപ്പെടരുത്. അല്ലാഹു ആവശ്യം ഉണ്ടാകുന്നുണ്ടെങ്കിൽ സംഘടിപ്പിച്ച് തരികയും ചെയ്യും. എന്നാൽ യഥാർത്ഥത്തിൽ നന്ദി പ്രകടിപ്പിക്കുന്നവരും ഹംദ് ചെയ്യുന്നവരും ആയി ത്തീരണം എന്ന നിബന്ധനയുണ്ടെന്ന് മാത്രം.

മറ്റൊരു കാര്യം ഞാൻ കാനഡക്കാരോടും അമേരിക്കക്കാരോടും പറയാൻ ആഗ്രഹിക്കുന്നു. ഇവിടെയും ഉണ്ട്. പാകിസ്ഥാനിലെ റഫ്യൂജികളും അസൈലം സീക്കേഴ്സും ആയി ഒരു പാട് ആളുകൾ പുതുതായി വന്നിട്ടുണ്ട്. അല്ലാഹു അവരിൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു എന്ന് അവർ ഓർക്കേണ്ടതാണ്. അവന്റെ അനുഗ്രഹങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനായി തങ്ങളെ ഭൗതികതയിൽ മുഴുകുന്നവരാക്കുന്നതിന് പകരം അല്ലാഹുമായുള്ള ബന്ധം സ്ഥാപിക്കുക. അവന്റെ കൽപനകളെ മുന്നിൽ വെക്കുക. അവന്റെ പ്രീതിയെ മുന്നിൽ വെക്കുക. യുവാക്കൾ പ്രത്യേകിച്ച് ഓർക്കുക അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് എത്രത്തോളം നിങ്ങൾ നന്ദി പ്രകടിപ്പിച്ചുക്കൊണ്ട് അവനെ സ്തുതിക്കുന്നുവോ അത്രത്തോളം അവന്റെ അനുഗ്രഹങ്ങൾ വർദ്ധിപ്പിച്ച് കൊണ്ടേയിരിക്കും.

പാകിസ്ഥാനിൽ നിന്ന് ഏതൊരു ക്ലേശം മൂലമാണോ വന്നിരിക്കുന്നത് അത് എല്ലായ്പ്പോഴും ഓർക്കുക. അങ്ങനെയെങ്കിൽ അല്ലാഹുവിനേയും എപ്പോഴും ഓർമയുണ്ടാകും. പുതുതായി വരുന്നവർ എല്ലായ്പ്പോഴും തങ്ങളും നല്ല മാതൃക നിലനിർത്തുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീകളും പുരുഷന്മാരും ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായി തീരുന്നതോടൊപ്പം ജനങ്ങൾക്കും ഇവിടെ താമസിക്കുന്ന അഹ്മദികൾക്കും ഒരു മാതൃകയായി തീരുന്നതിന് വേണ്ടി. ഈ കാര്യം എപ്പോഴും ഓർക്കുക. ഇവിടെ വന്നത് കേവലം ഭൗതികതയ്ക്ക് വേണ്ടി മാത്രമല്ല. ദീനിനേയും പരിഗണിക്കേണ്ടതാണ്.

ഇനി اِنْ شَآءَ اللّٰهُ രണ്ട് ദിവസം കൊണ്ട് റംസാനും ആരംഭിക്കുകയാണ്. അമേരിക്കയിലും കാനഡയിലും ഒരു പക്ഷേ നാളെ മുതൽ തുടങ്ങുകയാണ്. ഈ റംസാനിൽ നിന്നും വളരെയധികം പ്രയോജനം ഓരോ അഹ്മദിയും എടുക്കേണ്ടതാണ്. തങ്ങളുടെ ദുആകളേയും ഇബാദത്തുകളേയും പാരമ്യതയിലെത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്ന, വലിച്ചടുപ്പിക്കുന്ന ദിവസങ്ങളാണ്. ഇതിൽ നിന്ന് പൂർണ്ണമായും പ്രയോജനമെടുക്കാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. അല്ലാഹു ഇതിനായി എല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ. നാം അല്ലാഹുവിന്റെ അനുഗ്രഹം മുമ്പത്തേക്കാൾ ഉപരിയായി നമ്മിൽ വർഷിക്കുന്നതായി കാണുന്നതിന് വേണ്ടി. അല്ലാഹു അങ്ങനെ തന്നെ ആക്കി തീർക്കുമാറാകട്ടെ.

ഇനി ഞാൻ ജുമുഅ നമസ്കാരത്തിന് ശേഷം രണ്ട് ജനാസ നമസ്കാരം നടത്തുന്നതായിരിക്കും. ഒരു ജനാസ ഇന്നലെ ശഹീദാക്കപ്പെട്ട നമ്മുടെ ചൗധരി നയിം അഹ്മദ് ഗോൻഡൽ സാഹിബിന്റേതാണ്. അദ്ദേഹം ചൗധരി അബ്ദുൽ വാഹിദ് സാഹിബ്, റംഗി ടൗൺ, കറാച്ചി ജില്ലയുടെ മകനാണ്. ഇന്നലെയാണ് ഇദ്ദേഹത്തിന്റെ ശഹാദത്ത് നടന്നത്. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

അദ്ദേഹത്തിന്റെ പിതാമഹൻ ബഹുമാനപ്പെട്ട ഖുർഷിദ് ആലം സാഹിബ് മർഹൂം ആയിരുന്നു. ശഹീദ് മർഹൂം 1961 ലാണ് ജനിച്ചത്. ഇദ്ദേഹത്തിന്റെ കുടുംബം സർഗോതയിലായിരുന്നു. 1971ൽ ഗോന്തൽ ഫാം കോട്ടരിയിലേക്ക് താമസം മാറ്റി. പിന്നീട് റംഗി ടൗണിലേക്ക് വന്നു. 1914ൽ ഇദ്ദേഹത്തിന്റെ പിതാമഹി ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ കൈകളിൽ ബൈഅത്ത് ചെയ്തു. പിതാമഹൻ പിന്നീട് ബൈഅത്ത് ചെയ്തു. ശഹീദ് മർഹൂം എം.ഏ എക്ണോമിക്സും എം.ബി.ഏ വരെ പഠിച്ചു. പിന്നീട് സ്റ്റേറ്റ് ബാങ്ക് ഓഫ് പാകിസ്താനിൽ അസിസ്റ്റന്റ് ഡയറക്ടറായി ജോലി ചെയ്യുകയായിരുന്നു.

ഇദ്ദേഹത്തിന്റെ ശഹാദത്ത് സംഭവം ഇപ്രകാരമാണ്. ഇദ്ദേഹം സാധാരണ രീതിയനുസരിച്ച് ജൂലൈ 19ന് രാവിലെ ബാങ്കിൽ പോകുന്നതിന്നായി വീട്ടിൽ നിന്ന് പുറത്തിറങ്ങി. വീടിനു മുന്നിലുള്ള ഒരു ഇടുങ്ങിയ ഇടവഴിയിലൂടെ പോയി. മെയ്ൻ റോട്ടിലേക്ക് പ്രവേശിക്കുമായിരുന്നു. അവിടെ നിന്ന് അദ്ദേഹത്തെ ബാങ്കിലെ വണ്ടി വന്ന് ഓഫീസിലേക്ക് കൊണ്ടുപോകുമായിരുന്നു. അദ്ദേഹം ഇടവഴിയിലേക്ക് പ്രവേശിച്ചപ്പോൾ നേരെ വന്ന രണ്ട് യുവാക്കൾ ചെവിയുടെ ഭാഗത്ത് നിറയൊഴിച്ചു. ബുള്ളറ്റ് വലതുഭാഗത്ത് തറച്ച് ഇടത് ഭാഗത്തിലൂടെ പുറത്ത് വന്നു. ഇതു മൂലം നയിം അഹ്മദ് ഗോൻഡൽ സാഹിബ് അവിടെ വെച്ചു തന്നെ ശഹീദായി. اِنَّا لِلّٰهِ وَ اِنَّاۤ اِلَيۡهِ رٰجِعُوۡنَ 11 വർഷമായി അദ്ദേഹം റംഗി ടൗൺ സദർ ഹൽഖയായി സേവനം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇതിനുമുമ്പ് നാല് വർഷം റംഗി ടൗൺ ഖായിദ് മജ്‌ലിസ് ആയിരുന്നു. അതിനു മുമ്പ് സയീം ഹൽഖ, സെക്രട്ടറി വഖ്ഫെ നൗ, മുറബ്ബി അത്ഫാൽ മുതലായ വിവിധ സ്ഥാനങ്ങളിൽ ഇദ്ദേഹം ജമാഅത്തിന് സേവനം ചെയ്തു. അങ്ങേയറ്റം സൽസ്വഭാവിയായ ജനസമ്പർക്ക പ്രിയനായ വ്യക്തിത്വവുമായിരുന്നു. പ്രദേശവാസികളും ഇദ്ദേഹത്തെകുറിച്ച് ഇതേ അഭിപ്രായം തന്നെയാണ് ഉണ്ടായിരുന്നത്. കുറച്ചുകാലമായി റംഗി ടൗണിലെ അവസ്ഥ മോശമായിരുന്നു. എതിർപ്പ് കൊണ്ടുള്ള ചെക്കിങ്ങും മറ്റും തുടർന്ന് കൊണ്ടിരുന്നു. എന്നാൽ എല്ലായ്പ്പോഴും ഇദ്ദേഹം വളരെ ധൈര്യത്തോടെ ഈ കാര്യങ്ങളെ നേരിട്ടിരുന്നു. ധൈര്യവാനായ വ്യക്തിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്സിയായിരുന്നു. ദുഖത്തിൽ പങ്കു ചേരാൻ വന്ന ചില അനഹ്മദികളും അദ്ദേഹത്തിന്റെ സ്വഭാവ മഹിമയെകുറിച്ച് പറഞ്ഞു. ഇവിടെ ജൽസയിൽ പങ്കെടുക്കുന്നതിനായി ഒരു പാട് വർഷം വന്നിരുന്നു. ആരുടെ വീട്ടിലാണോ താമസിച്ചിരുന്നത് അദ്ദേഹത്തിന്റെ പെൺകുട്ടികൾ പറഞ്ഞു, ജൽസയിലെ അതിഥിയായി നിൽക്കുന്നതിന് പകരം ഞങ്ങളുടെ വീട്ടിൽ കൂടുതൽ അതിഥികൾ ഉണ്ടാകുന്നതുകൊണ്ട് സ്വയം ആതിഥേയനാകുമായിരുന്നു. എന്നല്ല വിനയം ഇത്രമാത്രം ഉണ്ടായിരുന്നു. തന്റെ ബൂട്ട് പോളിഷ് ചെയ്യുന്നതോടൊപ്പം അതിഥികളുടെ ബൂട്ടുകളും പോളിഷ് ചെയ്യുമായിരുന്നു. ഒരു ജലസയിൽ വന്നപ്പോൾ മഴ വളരെ അധികമായിരുന്നു. വീട്ടുകാർ അണിഞ്ഞിരുന്ന ലേങ് ബൂട്ട് ചളിയിൽ പുരണ്ടിരിക്കുകയായിരുന്നു. അവർ ചളി പുരണ്ട ബൂട്ട് അഴിച്ചിട്ടു. രാവിലെ എഴുന്നേറ്റ് നോക്കിയപ്പോൾ എല്ലാവരുടേയും വളരെ വൃത്തിയുള്ള ബൂട്ട് വളരെ അടുക്കും ചിട്ടയോടും കൂടി പോളിഷ് ചെയ്തു വെച്ചിരുന്നു. ഇവരുടെ വീട്ടിൽ താമസിച്ചിരുന്ന എല്ലാ അതിഥികളുടേയും ബൂട്ടിൽ ചളി കണ്ട് ഇദ്ദേഹം രാത്രി വൃത്തിയാക്കി പോളിഷ് ചെയ്തു വെച്ചു. വളരെ വിനയാന്വിതമായ പ്രകൃതിയായിരുന്നു. ഇദ്ദേഹത്തിന് മക്കളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, എന്നെ ഇത്രമാത്രം ശ്രദ്ധിച്ചു. എന്റെ മാതാപിതാക്കൾ ജീവിതത്തിൽ എനിക്കു നൽകിയതിനെക്കാളും സുഖവും സ്നേഹവും അദ്ദേഹം എനിക്ക് എന്നാണ് തോന്നുന്നത്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഈ ക്ലേശത്തിന്റെ ദിവസങ്ങളും അല്ലാഹു പാകിസ്ഥാനിൽ എത്രയും പെട്ടന്ന് ഇല്ലാതാക്കട്ടെ. ഞാൻ പറഞ്ഞതുപോലെ നാം ദുആയിലേക്ക് വളരെയധികം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ഈ റംസാനിൽ. ഈ ക്ലേശങ്ങളുടെ ദിവസം അല്ലാഹു പെട്ടന്ന് മാറ്റുന്നതിന് വേണ്ടിയും പാകിസ്ഥാനി അഹ്മദികൾക്കും ഈ ലോകത്തിലെ മറ്റു സ്ഥല ത്തുള്ളവർക്കും ദുആ ചെയ്യേണ്ടതാണ്.

രണ്ടാമത്തെ ജനാസ, സാഹിബ് സാദാ മിർസാ ഹഫീസ് അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ മകനായിരുന്നു. 84 -ാമത്തെ വയസ്സിലാണ് ഇദ്ദേഹം വഫാത്തായത്. اِنَّا لِلّٰهِ وَ اِنَّاۤ اِلَيۡهِ رٰجِعُوۡنَ ജൂലൈ 14 നും 15 നും ഇടയിലുള്ള രാത്രി. ഹദ്റത് ഉമ്മുനാസിറിൽ നിന്നാണ് ഇദ്ദേഹം ജനിച്ചത്. വലിയ എളിമയോടു കൂടി സംസാരിക്കുകയും ദരിദ്രരോട് നന്നായി വർത്തിക്കുകയും ചെയ്തിരുന്നു. അദ്ദേഹം മൗലവി ഫാസിലിന്റെ പരീക്ഷ എഴുതിയതിനു ശേഷം ഇദ്ദേഹത്തെ ഖലീഫത്തുൽ മസീഹ് സാനി(റ) തന്റെ ഭൂമിയുടെ ഓഫീസായിരുന്ന സിന്ധിലേക്ക് അയച്ചു. അവിടെ അദ്ദേഹം ജോലി ചെയ്തു കൊണ്ടിരുന്നു. പിന്നീട് അത് ഇല്ലാതായപ്പോൾ ഇദ്ദേഹം സ്വന്തമായി ജോലി ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹത്തിന് ഖിലാഫത്തുമായി വളരെ നല്ല ബന്ധമാണ് ഉണ്ടായിരുന്നത്. എനിക്ക് സ്ഥിരമായി കത്തെഴുതാറുണ്ടായിരുന്നു. വലിയ ആത്മാർത്ഥതയുടേയും കൂറിന്റേയും ബന്ധം ഇദ്ദേഹം എപ്പോഴും പ്രകടിപ്പിക്കുമായിരുന്നു. എന്റെ അമ്മാവനായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ സ്ഥാനം ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നൽകുമാറാകട്ടെ. ഞാൻ പറഞ്ഞതു പോലെ നമസ്കാരത്തിന് ശേഷം ജനാസാ നമസ്കാരം അനുഷ്ഠിക്കുന്നതായിരിക്കും.

**PRINTED BOOKS**

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 July 20 at : Baitul Futuh London
Translation: C.P. Sulthan Naseer Mob: 09544274240

Typing: Semiyya Sulthana & Tahir Ahmad.M.P
Printed at: Digital Image Calicut.
Published by: Majlis Khuddamul Ahmadiyya, North Kerala